# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA-ALP-P.9/1068/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 29/09/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P.9/1068/2022 തീയ്യതി: 29/09/2022

## ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2021 മുതൽ 15-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2022 | 01-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-08-2022 | 01-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ബിനീഷ്.എച്ച് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ശോഭ.കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കാർത്തികേയൻ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ഇന്ദു.ബി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മുഹമ്മദ് ഷിയാസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.നീന ചന്ദ്രൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.സ്മിത ഷേണായ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി .ലീല ഡെന്നിസ് | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.മനീഷ്.എം.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.സൽമോൻ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി .സഫീറ.എം.ഐ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി .റീന പദ്മനാഭൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി .ടി.കെ.മഞ്ജുള നാഥ് | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി .ശോഭ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Renju Prakash (Senior Grade Auditor, On 01-09-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 02-09-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Renju Prakash (Senior Grade Auditor, On 01-09-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 01-09-2022) | 1-2 |
| 3 | വാർഷിക കണക്ക് - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Renju Prakash (Senior Grade Auditor, On 01-09-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-09-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Renju Prakash (Senior Grade Auditor, On 01-09-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 01-09-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-5 |
| 7 | തൊഴിലുറപ്പുപദ്ധതി<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 02-09-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 22-09-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Preetha (Auditor, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: S.Suresh (Audit Officer (HG), On 03-09-2022)<br>Last Updated By: P. Sreedevi (Audit Officer, On 19-09-2022) | 1-9 |
| 11 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Preetha (Auditor, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-10 |
| 12 | മൊബൈൽ ടവർ വസ്തുനികുതി -കുടിശ്ശിക ഈടാക്കണം<br>Written By: Preetha (Auditor, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-11 |
| 13 | വാടകയിനത്തിൽ കുടിശ്ശിക<br>Written By: Preetha (Auditor, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-12 |
| 14 | സാമൂഹ്യ ക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല<br>Written By: Preetha (Auditor, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-13 |
| 15 | വെറ്ററിനറി സർജ്ജൻ നിർവഹണം നടത്തിയ പ്രോജക്റ്റുകളുടെ പരിശോധന<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 23-09-2022) | 1-14 |
| 16 | എച്ച്.എം നിർവഹണം നടത്തിയ പ്രോജക്റ്റുകളുടെ പരിശോധന<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-15 |
| 17 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - ആദ്യ ഗഡു കൈപ്പറ്റി- നാളിതുവരെ പണി തുടങ്ങിയിട്ടില്ല | 1-16 |

| | | |
|---|---|---|
| | Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | |
| 18 | വയോജനങ്ങൾക്ക് കട്ടിൽ - അർഹതയില്ലാത്തവർക്കും ആനുകൂല്യം നൽകി<br>Written By: A.D.Beena (Asst. Audit Officer, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-17 |
| 19 | അനുപൂരക പോഷകാഹാരം - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-18 |
| 20 | എസ്.എസ്.എ. ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-19 |
| 21 | കോവിഡ് പ്രതിരോധ പ്രവർത്തനം , മരുന്ന് വാങ്ങൽ – അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-20 |
| 22 | വയോജനങ്ങൾക്ക് കട്ടിൽ(എസ്.സി) - കട്ടിൽ പൂർണ്ണമായും വിതരണം ചെയ്തില്ല<br>Written By: A.D.Beena (Asst. Audit Officer, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-21 |
| 23 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-22 |
| 24 | ഐ.കെ.എം. വിഹിതം – വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-23 |
| 25 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല<br>Written By: A.D.Beena (Asst. Audit Officer, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-24 |
| 26 | കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ - ജി.എസ്.ടി ഈടാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-25 |
| 27 | പദ്ധതി രൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ് - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-26 |
| 28 | ടെണ്ടർഫാറവില - ലഭിക്കാനുള്ളത് 125570/-<br>Written By: S.Suresh (Audit Officer (HG), On 03-09-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-09-2022) | 1-27 |
| 29 | തൊഴിലുറപ്പ് പദ്ധതി- മുരിക്കൽ നടപ്പാത – തെറ്റായി അളവ് രേഖപ്പെടുത്തിയത് അധികം നൽകാനിടയാകുന്നു<br>Written By: S.Suresh (Audit Officer (HG), On 03-09-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-09-2022) | 1- 28 |
| 30 | തൊഴിലുറപ്പ് പദ്ധതി-ഗ്രാവൽ ഫില്ലിംഗ് അധികം നൽകിയത് 18678/-<br>Written By: S.Suresh (Audit Officer (HG), On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 1-29 |
| 31 | തൊഴിലുറപ്പ് പദ്ധതി-ഗ്രാവൽ ഫില്ലിംഗ് അധികം നൽകിയത് 4310/-<br>Written By: S.Suresh (Audit Officer (HG), On 03-09-2022)<br>Last Updated By: S.Suresh (Audit Officer (HG), On 22-09-2022) | 1-30 |
| 32 | തൊഴിലുറപ്പ് പദ്ധതി- ഇന്റർലോക്കിംഗ് ടൈലിന് മാർക്കറ്റ് നിരക്കിനേക്കാളും ഉയർന്ന വില അനുവദിക്കുന്നു.<br>Written By: S.Suresh (Audit Officer (HG), On 03-09-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-09-2022) | 1-31 |

| | | |
|---|---|---|
| 33 | തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്തവൃക്ഷത്തൈനഴ്സറി നിർമ്മാണം - കൂടുതൽ മനുഷ്യദിനങ്ങൾ അനുവദിക്കുന്നു<br>Written By: S.Suresh (Audit Officer (HG), On 03-09-2022)<br>Last Updated By: Teenu Tom (Auditor, On 29-09-2022) | 1-32 |
| 34 | തൊഴിലുറപ്പ് പദ്ധതി- അങ്കണവാടി നിർമ്മാണം 3 വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയാക്കിയിട്ടില്ല<br>Written By: S.Suresh (Audit Officer (HG), On 03-09-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-09-2022) | 1-33 |
| 35 | തൊഴിലുറപ്പ് പദ്ധതി- സെന്റ് മാർട്ടിൻ യു. പി സ്കൂൾ ചെറിയ തോട് നടപ്പാത- തെറ്റായി അളവു രേഖപ്പെടുത്തിയത് അധികം നൽകാനിടയാക്കി<br>Written By: S.Suresh (Audit Officer (HG), On 03-09-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-09-2022) | 1-34 |
| 36 | തൊഴിലുറപ്പ് പദ്ധതി- കരുമാഞ്ചേരി മാർക്കറ്റിൽ നിന്നും തെക്കോട്ട് നടപ്പാത - തെറ്റായി അളവു രേഖപ്പെടുത്തിയത് അധികം നൽകാനിടയാക്കി<br>Written By: S.Suresh (Audit Officer (HG), On 03-09-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-09-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തൊഴിലുറപ്പ് പദ്ധതി-ഗ്രാവൽ ഫില്ലിംഗ് അധികം നൽകിയത് 18678/-<br>Written By: S.Suresh (Audit Officer (HG), On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 3-1 |
| 2 | തൊഴിലുറപ്പ് പദ്ധതി-ഗ്രാവൽ ഫില്ലിംഗ് അധികം നൽകിയത് 4310/-<br>Written By: S.Suresh (Audit Officer (HG), On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 3-2 |
| 3 | പദ്ധതി രൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ് - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 3-3 |
| 4 | കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ -ജി.എസ്.ടി.ഈടാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 12-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 3-4 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: P. Sreedevi (Audit Officer, On 22-09-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 02-09-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 02-09-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 02-09-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 02-09-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 02-09-2022) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 02-09-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 02-09-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Renju Prakash (Senior Grade Auditor, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 27-09-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 15.02.2021 ലെ 5ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 15.03.2022 തീയതിയിലെ 6ാം നമ്പർതീരുമാന പ്രകാരം പരിഷ്കരിച്ചു.പുതുക്കിയ ബജറ്റ് പ്രകാരം ആകെ വരവും ചെലവും യഥാക്രമം 21.08 കോടിയും 15.32 കോടിയുമാണ്.കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 31,08,00,616 | 29,92,45,835 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 15,16,41,594 | 15,32,31,464 |

| പുതുക്കിയ ബജറ്റ് | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 21,08,00,616 | 21,29,33,835 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 15,16,41,594 | 15,32,31,464 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31. 7 .2022 | 07. 6. 22 |

### 1-2-1 വാർഷിക കണക്ക് - അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ ചുവടെ കൊടുക്കുന്നു.

1) 2021-22 വാർഷിക കണക്ക് B-18 പ്രകാരം Advance To Implementing Agencies-Deposit With Kerala Electricity Board 2094040/- നീക്കിയിരുപ്പ് ഉണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 2016-17 | 1450000 |
| 2017-18 | 453640 |
| 2019-20 | 95200 |
| 2020-21 | 95200 |
| Total | 2094040 |

പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) വാർഷിക കണക്ക് B-4 പ്രകാരം,

Development Fund-CFC Grant-Tied - 2758193/-

Development Fund-CFC Grant-Un Tied - 718203/-

ആകെ ഈയിനത്തിൽ 3476396/-രൂപ നീക്കിയിരുപ്പ് ഉണ്ട്. നീക്കിയിരുപ്പ് തുക HDFC ,Eramalloor ബ്രാഞ്ചിലെ 50100279453626 നം.അക്കൗണ്ടിൽ നിലനിൽക്കുന്നു.

3) 2021-22ലെ റസീപ്റ്റ് & പേമെന്റ് ഷെഡ്യൂൾ RP-7 പ്രകാരം Development Fund(General) എന്നയിനത്തിൽ ചെലവ് 11156757/-രൂപയാണ്. ACR പ്രകാരം ഈ ഇനത്തിലെ ചെലവ് 11203475/-രൂപയാണ്. വ്യത്യാസം വിശദീകരിക്കുക.

4) ACR പ്രകാരം Development Fund(T.S.P) ഇനത്തിൽ ചെലവ് 3000/-രൂപ. വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

5) വാർഷിക കണക്ക് B-7 പ്രകാരം Contractors Retention ഇനത്തിൽ 268137/-രൂപ നീക്കിയിരുപ്പ് ഉണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 2013-14 | 76972 |
| 2014-15 | 18856 |

| | |
|---|---|
| 2015-16 | 28089 |
| 2017-18 | 37125 |
| 2019-20 | 28378 |
| 2020-21 | 43966 |
| 2021-22 | 34751 |
| Total | 268137 |

3 വർഷത്തിൽ അധികമായിട്ടും അക്കൗണ്ടിൽ നിലനിൽക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കുട്ടിയിട്ടില്ല.

6)വസ്തുനികുതി രജിസ്റ്ററിൽ DCB തയ്യാറാക്കിയതും,വാർഷിക കണക്കും സഞ്ചയ റിപ്പോർട്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7) സ്ഥാപനനികുതി രജിസ്റ്ററിൽ DCB തയ്യാറാക്കിയതും,വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

8) തൊഴിൽനികുതി രജിസ്റ്ററിൽ DCB തയ്യാറാക്കിയിട്ടില്ല.

9) Rent രജിസ്റ്ററിൽ DCB തയ്യാറാക്കിയതും,വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

10) ലൈസൻസ് രജിസ്റ്ററിൽ (പേജ് 73,74) കെ.സി.ഷെറീഫ, സോമസുന്ദരം, ഉണ്ണികൃഷ്ണമേനോൻ, അസ്ഗർ, ലിജു അരവിന്ദ്, ചന്ദ്രൻ.ജി, സുബ്രമണ്യൻ, ജോയ്.കെ.ജോർജ്, എന്നിവരിൽ നിന്നും ഫീസ് ഈടാക്കിയ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ലൈസൻസുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ(വാർഡ് നം, കെട്ടിട നം,ഏതാവശ്യം,അപേക്ഷ ലഭിച്ച തീയതി) രേഖപ്പെടുത്തിയിട്ടില്ല.

11) വാർഷിക കണക്ക് B-15 പ്രകാരം Receivables Towards Market Receipts(Arrears) 49667/- രൂപ നിലനിൽക്കുന്നു. തുക ഇതുവരെയും പിരിച്ചെടുത്തിട്ടില്ല.

12) 2020-21 വാർഷിക കണക്ക് I-3 പ്രകാരം Lease Of Land ഇനത്തിലെ വരവ് 68579/-രൂപ. എന്നാൽ 2021-22 വാർഷിക കണക്ക് I-3 പ്രകാരം Lease Of Land ഇനത്തിലെ വരവ് 32015/-രൂപ. 2021-22 ൽ കുറവ് വന്നു.

13) വാർഷിക കണക്ക് B-18 പ്രകാരം Advance To Implementing Agencies-Deposit With PWD 144909/- നീക്കിയിരുപ്പ് ഉണ്ട്.പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16741069 |
| വരവ് | 64921253 |
| ആകെ | 81662322 |
| ചെലവ് | 65674677 |
| നീക്കിയിരിപ്പ് | 15987645 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 11565236 | 11565236 | 11203475 | 361761 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 8560498 | 8560498 | 6770949 | 1789549 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 3000 | 3000 | 3000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 4932000 | 4932000 | 1614981 | 3317019 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 5478931 | 5478931 | 3911909 | 1567022 |
| സി.എഫ്.സി.Basic | | 4680293 | 4680293 | 3530670 | 431420 (ലാപ്സായി) 718203/-രൂപCFC Bank Account-ൽ നിലനില്ക്കുന്നുണ്ട്. |
| Tied | | 5594608 | 5594608 | 2420865 | 415550 (ലാപ്സായി) 2758193/-രൂപCFC Bank Account-ൽ നിലനില്ക്കുന്നുണ്ട്. |
| | | | | | |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2021-22 | 155 | 9,62,91,245 | 92 | 4,65,27,844 | 58 | 5 | 59.35 |

## 1-6 തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 21145 | 666528 | 687673 | 686564 | 1109 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 40276436 | 40276436 | 40276436 | |
| ആകെ | 21145 | 40942964 | 40964109 | 40963000 | 1109 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതി യുടെ പേര് | 2021-22 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
| തൊഴിൽരഹിത വേതനം | 153440 | 62 |
| കർഷകതൊഴിലാളി പെൻഷൻ | 6177300 | 11 |
| വിധവാപെൻ ഷൻ | 11554200 | 38 |
| വാർദ്ധക്യകാല പെൻഷൻ | 25438600 | 225 |
| വികലാംഗപെൻഷൻ | 4175000 | 7 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത | 1329000 | 6 |

| | | |
|---|---|---|
| കൾക്കുള്ള ധനസഹായം | | |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.8.2022 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10491/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.

2.സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.

3.സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

4.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5.ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6.തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും പൊതുവോ സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്നസ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും

1.തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1 | കൃഷി ഭവൻ,കോടംതുരുത്ത് | 1 |
| 2 | ധനലക്ഷ്മി ബാങ്ക്,കുത്തിയതോട് | 2 |
| 3 | കാനറ ബാങ്ക് | 1 |
| 4 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | 1 |

| | | |
|---|---|---|
| 5 | കരുമാഞ്ചേരി ഫിനാൻസിയേഴ്സ് | 2 |
| 6 | അമാൽഗം ന്യൂട്രിയൻസ് | 1&2 |
| 7 | പി .സി.ഷാ (കോൺട്രാക്ട്) | 1&2 |
| 8 | കരാർ സ്റ്റാഫ്(പഞ്ചായത്ത്) | 1&2 |
| 9 | പി എച്ച് സി, കോടംതുരുത്ത് | 2 |
| 10 | ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 2 |
| 11 | ESSCB, കുത്തിയതോട് | 2 |

*2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന അംഗീകൃത കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.*

3.സ്ഥാപന നികുതി

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കെ എസ് എഫ് ഇ,കുത്തിയതോട് | 2 |
| 2 | കെ എസ് ഇ ബി,കുത്തിയതോട് | 1&2 |
| 3 | ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 2 |
| 4 | റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 2 |
| 5 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2 |
| 6 | അമാൽഗം ന്യൂട്രിയൻസ് | 2 |
| 7 | ESSCB,കുത്തിയതോട് | 2 |
| 8 | കാനറ ബാങ്ക് | 1&2 |
| 9 | എസ് ബി ഐ ,കുത്തിയതോട് | 1&2 |
| 10 | എഴുപുന്ന് തെക്ക് ക്ഷീരോൽപാദക സഹകരണ സംഘം | 1&2 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.10/30.8.2022) നൽകിയതിന് മറുപടി നൽകിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മൊബൈൽ ടവർ വസ്തുനികുതി -കുടിശ്ശിക ഈടാക്കണം

*ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് മൊബൈൽ ടവറിന്റെ 2020-21മുതൽ 2021-22 വരെയുള്ള വസ്തുനികുതി കുടിശ്ശിക 15120/-ഈടാക്കാനുണ്ട്. ആയതിന് R.R ഫയൽ ചെയ്തിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്ക്(നം-11/27.08.2022) മറുപടി നൽകിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.*

## 1-12 വാടകയിനത്തിൽ കുടിശ്ശിക

*വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയുലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാടക 28068/-രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. വാടക കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ ലഭ്യമാക്കാൻ ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/തീ.30.8.22)മറുപടി ലഭ്യമാക്കിയില്ല. കുടിശിക മുഴുവൻ പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ച് തനതു ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിവരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.*

## 1-13 സാമൂഹ്യ ക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളിൽ ആധാർ നമ്പർ ലഭ്യമാക്കിയിട്ടുള്ളവരുടെ വിവരവും ഒത്തുനോക്കിയതിൽ ബാങ്ക് അക്കൌണ്ടുവഴി പെൻഷൻ വാങ്ങുന്നവരുടെ മരണശേഷം ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യ്പ്പെടുന്നില്ല എന്നു കാണുന്നു . ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച/രജിസ്റ്റർ ചെയ്ത തീയതി/ | അനർഹമായ കാലയളവ്/തുക | തിരികെ ഒടുക്കേണ്ട തുക |
|---|---|---|---|---|---|
| 1 | ദാമോദരൻ മാവുങ്കൽത്തറ | വാർദ്ധക്യകാല പെൻഷൻ 819410828827 | 09.9.2021/ 13.10.2021 | 10/2021 മുതൽ 8/2022-വരെയുള്ള 6600/- രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു (എസ്.ബി.ഐ) | 6600/- |
| 2 | പങ്കജാക്ഷി കുമാരൻ നികർത്തിൽ | കർഷകത്തൊഴിലാളി പെൻഷൻ 886032694197 | 24.9.2021/ 13.10.2021 | 10/2021 മുതൽ 8/2022 വരെയുള്ള 17600/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. (കോർപ്പറേഷൻ ബാങ്ക്) | 17600/- |
| 3 | ആന്റണി | വാർദ്ധക്യകാല പെൻഷൻ 277012153420 | 24.10.2021/ 5.11.2021 | 11/2021 മുതൽ 8/2022 വരെയുള്ള16000/- രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു (എസ്.ബി.ഐ) | 16000/- |
| 4 | കാർത്തി | 973774859574 | 27.10.21/ 23.11.21 | 11/2021 മുതൽ 1/2022 വരെയുള്ള 4800/- രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു. (എസ്.ബി.ഐ) | 4800/- |
| 5 | കാർത്ത്യയനി | 782461884099 | 23.10.21/ 1/12/21 | 11/2021 മുതൽ 8/2022 വരെയുള്ള 16000/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു (എസ്.ബി.ഐ) | 16000/- |

| | | | | | |
|---|---|---|---|---|---|
| 6 | റെജി | വിധവ പെൻഷൻ 453607686983 | 4.11.21/ 14.12.21 | 12/2021 മുതൽ 8/2022 വരെയുള്ള14400/-രൂപഅക്കൌണ്ടിൽ നിക്ഷേപിച്ച (എസ്.ബി.ഐ) | 14400/- |
| 7 | റോമൻ തോമസ് | കർഷകത്തൊഴിലാളി പെൻഷൻ 473868263474 | 7.12.21/ 01.01.22 | 1/2022 മുതൽ 4/2022 വരെയുള്ള 6400/-രൂപഅക്കൌണ്ടിൽ നിക്ഷേപിച്ച (എസ്.ബി.ഐ) | 6400/- |
| 8 | വക്കച്ചൻ | വാർദ്ധക്യകാല പെൻഷൻ 948016545949 | 18.1.22/ 5.2.22 | 2/2022മുതൽ 4/2022 വരെയുള്ള4800/-രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു(കോർപ്പറേഷൻ ബാങ്ക്) | 4800/- |
| 9 | മറിയാമ്മ | വിധവ പെൻഷൻ 838028323571 | 30.01.22/ 5.02.22 | 2/2022മുതൽ 4/2022 വരെയുള്ള4800/-രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു( എസ്.ബി.ഐ | 4800/- |
| 10 | ഭവാനി | കർഷകത്തൊഴിലാളി പെൻഷൻ 396712344743 | 12.7.21/ 18.8.21 | 3/2021മുതൽ 8/2022 വരെയുള്ള8000/-രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു( എസ്.ബി.ഐ) | 8000/- |
| 11 | കൃഷ്ണൻക്കുട്ടിപണിക്കർ | വാർദ്ധക്യകാല പെൻഷൻ 244362171319 | 12.6.21/ 29.6.21 | 7/2021മുതൽ 8/2021വരെയുള്ള3200 /-രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു( എസ്.ബി.ഐ | 3200/- |
| 12 | തങ്ക | വികലാംഗ പെൻഷൻ 990374199161 | 26.4.21/ 29.6.21 | 5/2021മുതൽ 1/2022വരെയുള്ള14400 /രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു( എസ്.ബി.ഐ) | 14400/- |
| 13 | ആന്റണി | വാർദ്ധക്യകാല പെൻഷൻ 608207428279 | 27.621/ 23.7.21 | 7/2021മുതൽ 8/2021വരെയുള്ള3200 /രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു( എസ്.ബി.ഐ) | 3200/- |
| 14 | മേരി | കർഷകത്തൊഴിലാളി പെൻഷൻ 510860332692 | 29.10.20/ 10.8.21 | 11/2020മുതൽ 8/2021വരെയുള്ള15300 /-രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു( എസ്.ബി.ഐ) | 15300/- |
| 15 | മേരി | കർഷകത്തൊഴിലാളി പെൻഷൻ 937879918709 | 23.7.21/ 17.8.21 | 8/2021ലെ 1600/-രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു( എസ്.ബി.ഐ) | 1600/- |
| 16 | ആന്റണി റ്റി സി | 332041267333 | 9.8.20/ 9.9.20 | 9/2020മുതൽ 2/2021വരെയുള്ള8600 /-രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു( എസ്.ബി.ഐ | 8600/- |
| 17 | സരസ്വതിയമ്മ | വിധവ പെൻഷൻ 710029820571 | 22.6.21/ 10.9.21 | 7/2020മുതൽ 8/2021വരെയുള്ള3200 /-രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു( കാനറാ) | 3200/- |
| 18 | ശിവദാസൻ | വാർദ്ധക്യകാല പെൻഷൻ 263529414922 | 4.9.21/ 17.9.21 | 10/2021മുതൽ 8/2022വരെയുള്ള6600 /--രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു( എസ്.ബി.ഐ) | 6600/- |
| 19 | പി സി മേഴ്സി | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ 543763867354 | 21.9.21/- 11.10.21 | 10/2021ലെ 1600/- -രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു( കോർപ്പറേഷൻ ബാങ്ക്) | 1600/- |
| 20 | വൽസല ജി പൈ | ഇന്ദിര ഗാന്ധി ദേശീയ | 18.09.21/ 11.10.21 | 10/2021മുതൽ 6/2022വരെയുള്ള14400 /രൂപഅക്കൌണ്ടിൽ നിക്ഷേപിച്ചു( | 14400/- |

| | | | | | |
|---|---|---|---|---|---|
| | | വിധവ പെൻഷൻ<br>543545298104 | | എസ്.ബി.ഐ) | |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുക അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വെറ്ററിനറി സർജ്ജൻ നിർവഹണം നടത്തിയ പ്രോജക്റ്റുകളുടെ പരിശോധന

1.പ്രോജക്റ്റ് നം. - 41/21-22

തുക – 3,75,000/- (ബിൽ നം - 6/21-22/ 19.03.2022)

കന്നുകുട്ടി പരിപാലനം പദ്ധതിക്കായി 2021-22 വർഷം 3,75,000/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രം അസി.ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്നും പ്രോജക്റ്റിന്റെ നിലവിലെ അവസ്ഥയും അറിയിക്കേണ്ടതാണ് എന്ന് അറിയിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6 /29.08.2022 ) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ , 3,75,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. പ്രോജക്റ്റ് നം. - 40 /21-22

തുക – 91,665/- (ബിൽ നം - 2/21-22/ 18.01.2022 തുക - 53865/-

7/21-22/ 22.03.2022 തുക - 37800/-)

കറവ പശുക്കൾക്ക് ധാതുലവണ മിശ്രിതം ഒരു കി. ഗ്രാമിന് 105/- രൂപ വില വരുന്ന 873 കി . ഗ്രാം. കർണ്ണാടക ആന്റി ബയോട്ടിക്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമി. എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം783 കി . ഗ്രാം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് . 90 കി . ഗ്രാം വിതരണം ചെയ്തിട്ടില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 6/ 29.08.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ , 9,450/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 എച്ച്.എം നിർവഹണം നടത്തിയ പ്രോജക്റ്റുകളുടെ പരിശോധന

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

പ്രോജക്റ്റ് നം . - 32 /22

അടങ്കൽ - 5,00,000/- (എസ് . സി. പി )

ചെലവ് - 4,90,000/-
(ബിൽ നം.01/ 2021-22 / 28.01.2022- 35000/-രൂപ ,

03 / 2021-22 / 28.01.2022- 3,10,000/- രൂപ ,

04 2021-22 / 28.01.2022- 1,45,000/- രൂപ)

എച്ച് . എം നിർവഹണം നടത്തിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പ്രോജക്റ്റിന്റെ ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷയോടൊപ്പം ഉള്ള രേഖകൾ പരിശോധിച്ചതിൽ താഴെ പ്പറയുന്ന അപാകതകൾ കാണുന്നു.

| ഗുണഭോക്താവിന്റെ പേര് , മേൽവിലാസം | അപാകത |
|---|---|
| ആദിത്യ ബൈജു, കൊട്ടാത്തുകോളനി എഴപ്പുന്ന സൌത്ത് | ഫയലിൽ , ടി കുട്ടി തനിക്ക് പണം ലഭ്യമായിട്ടില്ലെന്ന് സൂചിപ്പിച്ച് നിർവഹണോദ്യോഗസ്ഥയ്ക്ക് കത്ത് നല്കിയിട്ടുണ്ട്. ആയതിനാൽ, ടിയാളുടെ അക്കൌണ്ടിലേയ്ക്ക് ട്രഷറി ബിൽ (നം. 03/ 21-22 /18.02.2022 ) മുഖാന്തിരം മാറി നല്കിയ തുകയുടെ വിവരം ലഭ്യമല്ല. |
| ശ്രീലക്ഷ്മി സി ഡി, ചാലിത്തറ നികർത്ത് കുത്തിയതോട് | ടി കുട്ടി വിദ്യാഭ്യാസം ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും (മഹാരാജാസ് കോളേജ് , എറണാകുളം ) ലഭ്യമാക്കിയ സാക്ഷ്യപ്പത്രത്തിൽ രണ്ടാം വർഷ ബി എ ഇക്കണോമിക്സിന് പഠിക്കുന്നതായി രേഖപ്പെടുത്തിയത് തിരുത്തി ഒന്നാം വർഷ എം എ ഇക്കണോമിക്സിന് പഠിക്കുന്നതായി രേഖപ്പെടുത്തി 30,000 /- രൂപ നല്കിയിട്ടുണ്ട്. ആയതിനാൽ, 2021-22 വർഷത്തെ പഠനം തെളിയിക്കുന്ന തിരുത്തില്ലാത്ത സാക്ഷ്യപ്പത്രം ലഭ്യമാക്കേണ്ടതാണ്. |
| വിവേക് പി മുരിക്കങ്കൽ കോടംതുരുത്ത് | ടി കുട്ടി വിദ്യാഭ്യാസം ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ സാക്ഷ്യപ്പത്രത്തിൽ (ഗവ. ഇൻഡസ്ട്രിയൽ ട്രേയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് , കളമശ്ശേരി) ടിയാൾ ഇലക്ട്രോണിക്സ് മെക്കാനിക്കൽ ട്രേഡിന്റെ ട്രെയ്നി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.<br>(ബിൽ നം. 03/ 21-22 /18.02.2022 ) |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5 / 29.08.2022) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ കൃത്യമായി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി ആളുകൾക്ക് നല്കിയ തുക (65,000/-രൂപ ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ലൈഫ് ഭവന നിർമ്മാണ പദ്ധതി - ആദ്യ ഗഡു കൈപ്പറ്റി- നാളിതുവരെ പണി തുടങ്ങിയിട്ടില്ല

ലൈഫ് ഭവന നിർമ്മാണത്തിൽ 2017-18 ,2018-19 , 2021-22 ൽ വിവിധ പദ്ധതികൾ പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വെയ്ക്കുകയും 40000/- രൂപ വീതം മുൻകൂറായി കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായി വീടുനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി കാണുന്നു.

| പ്രോജക്ട് നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 139/19 | ശ്രീമതി. സീമ രജിമോൻ | 40000 |
| 35/19 | ശ്രീമതി. ഹേമലത, കുരുടാരിക്കളത്തിൽ | 40000 |
| 21/19 | ശ്രീമതി.ഫിലോമിന ക്ളീറ്റസ്, കൊടിയനാട്ട് | 40000 |
| 215/18 | ശ്രീമതി. രമണി , പഴങ്ങാട്ട് നികർത്ത് | 40000 |
| 120/ 22 | ശ്രീമതി. വത്സല സിദ്ധാർത്ഥൻ , കരിത്തറ | 40000 |

കരാർ വ്യവസ്ഥ പ്രകാരം കരാർ തീയതി മുതൽ 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. ടി ഗുണഭോക്താക്കൾ ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ അടുത്ത ഗഡു ആനുകൂല്യം നൽകിയിട്ടില്ല. അഡ്വാൻസ് നൽകിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾ പ്രവർത്തി ചെയ്യുന്നുണ്ട് എന്നുറപ്പാക്കുവാനും അല്ലാത്ത പക്ഷം കരാറിലെ വ്യവസ്ഥ പ്രകാരം അഡ്വാൻസ് നൽകിയ തുക 12% പലിശ സഹിതം തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7 / 29.08.2022) പ്രസ്തുത ഗുണഭോക്താക്കളെ വിവരമറിയിച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-17 വയോജനങ്ങൾക്ക് കട്ടിൽ - അർഹതയില്ലാത്തവർക്കും ആനുകൂല്യം നൽകി

പ്രോജക്ട് നം - S0014/22

പ്രോജക്ടിന്റെപേര് - വയോജനങ്ങൾക്ക് കട്ടിൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

വകയിരുത്തൽ

വികസനഫണ്ട് - 250000/-

ചെലവ് വിവരം

ബിൽ നം.17/21-22/10.01.22 തുക.194840/-

ബിൽ നം.24/21-22/ 16.03.22 തുക.51599/-

തുക ആലപ്പുഴ സിഡ്കോയ്ക്ക് നൽകി. സിഡ്കോയിൽ നിന്നും കട്ടിൽ വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

(1)

| Invoice No/date | Item | Unit Price | Qty | Gross Value |
|---|---|---|---|---|
| ALPY/21-22 /98/27.12.21 | Wooden Single Cot | 3669.31 | 45 | 165118.95 |
| CGST 18% | | | | 14860.71 |
| SGST 18% | | | | 14860.71 |
| Round Off | | | | -0.37 |
| Grand Total | | | | 194840 |

(2)

| Invoice No/date | Item | Unit Price | Qty | Gross Value |
|---|---|---|---|---|
| ALPY/21-22/ 208/11.03.22 | Wooden Single Cot | 3644 | 12 | 43728 |

| | |
|---|---|
| CGST 18% | 3935.52 |
| SGST 18% | 3935.52 |
| Round Off | -0.04 |
| Grand Total | 51599 |

പ്രോജക്റ്റ് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1)വിതരണ രജിസ്റ്റർ പ്രകാരം,മേൽ ബില്ലുകൾ പ്രകാരമുള്ള 57 കട്ടിലുകളിൽ 52 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. 5കട്ടിലുകൾ വിതരണം ചെയ്തിട്ടില്ല.

2) കട്ടിൽ കൈപ്പറ്റിയ 52 ഗുണഭോക്താക്കളും അപേക്ഷ നൽകിയിട്ടില്ല.

3) കട്ടിൽ കൈപ്പറ്റിയ 52 ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകളിൽ അപാകതകളുള്ളവരുടെ വിവരം താഴെ ചേർക്കുന്നു.

(1)

| ക്രമ നം | പേര്,മേൽവിലാസം | വാർഡ് | അപാകത |
|---|---|---|---|
| 1 | ബാബു<br>കണ്ടമംഗലത്തുതറ | 13 | 60 വയസ് തികഞ്ഞിട്ടില്ല |

(2)

| ക്രമ നം | പേര്,മേൽവിലാസം | വാർഡ് | അപാകത |
|---|---|---|---|
| 1 | പീറ്റർ<br>തൊട്ടേക്കാട് | 15 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2 | ലക്ഷ്മി<br>പുതുശ്ശേരിവെളി കോളനി | 3 | |
| 3 | മേരി<br>കുട്ടത്തിപ്പറമ്പിൽ | 12 | |
| 4 | സുമ<br>കൈതറ | 10 | 1)ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല<br>2)അപേക്ഷ,അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല. |
| 5 | കമലാക്ഷിയമ്മ<br>കളത്തിൽ | 10 | |
| 6 | ഓമന<br>കണ്ടത്തിൽ | 1 | |
| 7 | കമലാക്ഷി<br>ഇല്ലിക്കൽനികർത്ത് | 14 | |

(3)

| ക്രമ നം | പേര്,മേൽവിലാസം | വാർഡ് | അപാകത |
|---|---|---|---|
| 1 | ഗോമതിയമ്മ<br>ചെമ്പാടിപ്പറമ്പ് | 5 | അപേക്ഷ,അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല. |
| 2 | യശോദ<br>രാമശ്ശേരി | 8 | |
| 3 | ക്ലാരമ്മ<br>മറ്റത്തിൽച്ചിറ | 8 | |

| | | | |
|---|---|---|---|
| 4 | വൽസമ്മ മുരിക്കൽ | 11 | |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 19/ 01.09.22)മറുപടി ലഭ്യമാക്കിയില്ല.246439/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.വിതരണം ചെയ്യാത്ത 5കട്ടിലുകൾ അർഹരായ ഗുണഭോക്താക്കളിൽ നിന്നും രേഖകൾ ലഭ്യമാക്കി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 അനുപൂരക പോഷകാഹാരം - അപാകതകൾ

പ്രോജക്ട് നം - S0012/22

പ്രോജക്ടിന്റെപേര് - അനുപൂരക പോഷകാഹാരം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

വകയിരുത്തൽ

വികസനഫണ്ട് - 1204500/-

കേന്ദ്രാവിഷ്കൃത ഫണ്ട് - 1000000/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 100000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 100000/-

ആകെ അടങ്കൽ - 2404500/-

ചെലവ് വിവരം

വികസനഫണ്ട് - 1197780/-

കേന്ദ്രാവിഷ്കൃത ഫണ്ട് - 550670/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 100000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 100000/-

ആകെ ചെലവ് - 1948450/-

മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവുകളിൽ അപാകതയുള്ളവയുടെ വിവരം ചുവടെ ചേർക്കുന്നു.

1) ചെക്ക്നം.049887/14.02.22 തുക.150608/-(കേന്ദ്രാവിഷ്കൃത ഫണ്ട്)

150608/-രൂപ Kerala State Civil Supplies Corporation Ltd, കോടംതുരുത്ത് ഡിപ്പോയുടെ 16270200000553 നം.അക്കൗണ്ടിൽ നൽകി. ആയതിന്

22.12.21 ലെ 21955 നം.ബില്ലിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Commodity | Qty | Rate | Tax% | Ratew Tax | Sale Value |
|---|---|---|---|---|---|
| Aval Matta | 68kg | 79.20 | 0 | 79.20 | 5385.60 |
| Royal Rich Coconut Oil1ltr | 126 | 184.70 | 5 | 193.94 | 24436.44 |
| Marayur Jaggery 1kg | 307 | 71.02 | 0 | 71.02 | 21803.14 |
| Fried Groundnut 1k | 138 | 200.02 | 12 | 224.02 | 30914.76 |
| Broken Wheat 1kg | 1870 | 34.67 | 5 | 36.40 | 68068 |
| | | | | | 150607.94 |

മേൽ ബില്ല് പ്രകാരമുള്ള സാധനങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല, അങ്കണവാടികളിൽ വിതരണം ചെയ്തിട്ടില്ല.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 9/ 30.08.22), സാധനങ്ങൾ വിതരണം ചെയ്തതിന്റെ ലിസ്റ്റ് ലഭ്യമാക്കി. സാധനങ്ങൾ ലഭ്യമാകുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ ചേർക്കുകയും ആയത് അങ്കണവാടികളിൽ വിതരണം ചെയ്ത് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 1-19 എസ്.എസ്.എ. ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം - S0031/22

പ്രോജക്ടിന്റെപേര് - എസ്.എസ്.എ. ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 400000/-

2021-22 സാമ്പത്തിക വർഷം എസ്.എസ്.എ. സ്റ്റേറ്റ് പ്രോജക്ട് ഓഫീസറുടെ ,സമഗ്ര ശിക്ഷ കേരളയുടെ സിംഗിൾ നോഡൽ അക്കൗണ്ടായ കാനറ ബാങ്ക് തിരുവനന്തപുരം കന്റോൺമെന്റ് ശാഖയിലെ 0819101104302 നം. അക്കൗണ്ടിൽ 400000/-രൂപ നൽകി.(ബിൽനം.23/21-22/24.08.21തുക.400000/-)എന്നാൽ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/ 29.08.22)മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക 400000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 കോവിഡ് പ്രതിരോധ പ്രവർത്തനം , മരുന്ന് വാങ്ങൽ – അപാകതകൾ

പ്രോജക്ട് നം - S 0062/22

പ്രോജക്ടിന്റെ പേര് - കോവിഡ് പ്രതിരോധ പ്രവർത്തനം - മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(ഹോമിയോ)

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട് (റോഡിതരം) -25000/-

ചെലവ് വിവരം

ബിൽ നം.1/21-22/27.07.21 തുക.25000/-

ഹോംകോ, പാതിരപ്പള്ളിയുടെ 16.05.21 ലെ PF- 45 നം. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം Arsenicum Album 30 എന്ന മരുന്നിനായി 25000/- രൂപ നൽകി. എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.4 തീയതി. 26.08.22) മറുപടി ലഭ്യമാക്കിയില്ല.25000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി,ആയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 വയോജനങ്ങൾക്ക് കട്ടിൽ(എസ്.സി) - കട്ടിൽ പൂർണ്ണമായും വിതരണം ചെയ്തില്ല

പ്രോജക്ട് നം - S0019/22

പ്രോജക്ടിന്റെപേര് - വയോജനങ്ങൾക്ക് കട്ടിൽ(എസ്.സി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

വകയിരുത്തൽ

വികസനഫണ്ട് (എസ്.സി.പി) - 250000/-

ചെലവ് വിവരം

ബിൽ നം.16/21-22/10.01.22 തുക.129894/-

ബിൽ നം.23/21-22/16.03.22 തുക.85998/-

വയോജനങ്ങൾക്ക് കട്ടിൽ എന്ന മേൽ പ്രോജക്ടിൽ, മതിയായ ഗുണഭോക്താക്കൾ ഇല്ലാതെ 50 കട്ടിലുകൾ വാങ്ങി. 39 പേർക്ക് വിതരണം ചെയ്തു. ആയതിൽ തന്നെ പൂർണ്ണമായും രേഖകൾ ഹാജരാക്കിയ ഗുണഭോക്താക്കാൾ 17പേർ മാത്രമാണ്. 50 കട്ടിലുകളുടെ വിലയായ 215892/-രൂപ ആലപ്പുഴ സിഡ്കോയ്ക്ക് നൽകി. സിഡ്കോയിൽ നിന്നും കട്ടിൽ വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

(1)

| Invoice No/date | Item | Unit Price | Qty | Gross Value |
|---|---|---|---|---|
| ALPY/21-22 /97/27.12.21 | Wooden Single Cot | 3669.31 | 30 | 110079.30 |
| CGST 18% | | | | 9907.14 |

| | |
|---|---|
| SGST 18% | 9907.14 |
| Round Off | 0.42 |
| Grand Total | 129894 |

(2)

<table>
<tr><th>Invoice No/date</th><th>Item</th><th>Unit Price</th><th>Qty</th><th>Gross Value</th></tr>
<tr><td>ALPY/21-22 /202/09.03.22</td><td>Wooden Single Cot</td><td>3644</td><td>20</td><td>72880</td></tr>
<tr><td colspan="4">CGST 18%</td><td>6559.20</td></tr>
<tr><td colspan="4">SGST 18%</td><td>6559.20</td></tr>
<tr><td colspan="4">Round Off</td><td>-0.40</td></tr>
<tr><td colspan="4">Grand Total</td><td>85998</td></tr>
</table>

പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1)വിതരണ രജിസ്റ്റർ പ്രകാരം,മേൽ ബില്ല് പ്രകാരമുള്ള 50 കട്ടിലുകളിൽ 39 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. 11കട്ടിലുകൾ വിതരണം ചെയ്തിട്ടില്ല.

2) കട്ടിൽ കൈപ്പറ്റിയ 39 ഗുണഭോക്താക്കളും അപേക്ഷ നൽകിയിട്ടില്ല.

3) കട്ടിൽ കൈപ്പറ്റിയ 39 ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകളിൽ അപാകതകളുള്ളതിന്റെ വിവരം താഴെ ചേർക്കുന്നു.

(1)

<table>
<tr><th>ക്രമ നം</th><th>പേര്,മേൽവിലാസം</th><th>വാർഡ്</th><th>അപാകത</th></tr>
<tr><td>1</td><td>കൊച്ചുപെണ്ണ് മഞ്ഞാടിത്തറ</td><td>6</td><td rowspan="10">പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.</td></tr>
<tr><td>2</td><td>അമ്മിണി ചന്ദ്രൻ ചക്കളത്ത്</td><td>14</td></tr>
<tr><td>3</td><td>ശാന്ത ശശിധരൻ മാറേക്കാട്ടിൽ</td><td>14</td></tr>
<tr><td>4</td><td>ലീലാമ്മ ശങ്കരൻ ശരത് നിവാസ്</td><td>9</td></tr>
<tr><td>5</td><td>കൽപന ഷൈജു കോട്ടാത്തുകോളനി</td><td>3</td></tr>
<tr><td>6</td><td>രവി കണ്ടത്തുംതറ</td><td>15</td></tr>
<tr><td>7</td><td>മദനൻ കൊടിത്തറ</td><td>15</td></tr>
<tr><td>8</td><td>മാധവൻ പുതിയാപറമ്പ്</td><td>3</td></tr>
<tr><td>9</td><td>ഉഷ തൈപറമ്പ്</td><td>3</td></tr>
<tr><td>10</td><td>വള്ളി പൊറ്റത്തറ</td><td>11</td></tr>
</table>

(2)

| ക്രമ നം | പേര്,മേൽവിലാസം | വാർഡ് | അപാകത |
|---|---|---|---|
